**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1057** **30-06-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പദ്ധതി ഏത് ഘട്ടത്തിലാണെന്നും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്നും അറിയിക്കാമോ; | (എ) | നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. പദ്ധതി നിർവഹണത്തിനുള്ള വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കൈമാറി ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു. പദ്ധതി നിർവഹണത്തിനുള്ള വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ കൈമാറി ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിക്കാനുദ്ദേശിക്കുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ആരാണ് സ്ഥലം കണ്ടെത്തി നൽകേണ്ടതെന്ന് അറിയിക്കാമോ; നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (സി) | ഉണ്ട്. നിലമ്പൂർ മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട രണ്ട് പദ്ധതികൾക്കുവേണ്ടിയുള്ള ജല ശുദ്ധീകരണ ശാലകൾക്കായി കരുളായി പഞ്ചായത്തിലെ അരക്കുംപൊയിൽ കുന്ന് ഭാഗത്ത് 150 സെൻറ് സ്ഥലവും ചുങ്കത്തറ പഞ്ചായത്തിലെ കുരുത്തിമലയിൽ 155 സെന്റ് സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളാണ് സ്ഥലം നല്കേണ്ടത്. സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ഡി) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മേൽപദ്ധതിക്കായി സ്ഥലം വാങ്ങാനാവശ്യമായ തുക വകയിരുത്താമെന്ന് അറിയിച്ചിട്ടും നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | ജല ജീവൻ മിഷൻ പദ്ധതിക്ക് ആവശ്യമായ സ്ഥലം പഞ്ചായത്ത് ആണ് ഏറ്റെടുത്തു നൽകേണ്ടത്. വികസന ഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്ന കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| പഞ്ചായത്ത് | ഭരണാനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിൽ നൽകിയ കണക്ഷൻ (25/6/2022) |
|---|---|---|---|
| അമരമ്പലം | 7452 | 9351.12 | 2083 |
| ചുങ്കത്തറ | 6399 | 11597 | 292 |
| ഇടക്കര | 5895 | 8527 | 500 |
| കരുളായി | 5175 | 9503.07 | 0 |
| മൂത്തേടം | 4503 | 8167.20 | 0 |
| പോത്തുകല്ല് | 3208 | 9789.10 | 130 |
| വഴിക്കടവ് | 6047 | 13662 | 100 |
| **ആകെ** | **38679** | **70596.49** | **3105** |